**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ ഫെബിൻ പി (Dr Febin P PEN 690576) , ജൂനിയർ കൺസൾട്ടന്റ് (Obstetrics and Gynaecology- അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1. എ6-18166/2022/ജിമെആ കോഴിക്കോട് തീയതി 31.10.2022

2.GE-4/G/F-104/226/തീയതി 25.06.2025

3.കാരണം കാണിക്കൽ നോട്ടീസ് നം DHS/5645/2023- E A 4 തീയതി 25.12.2025

**ഉത്തരവ് നം. DHS/5645/2023-EA4 തീയതി.24-02-2026**

ഡോ ഫെബിൻ പി (Dr Febin P, PEN 690576), 14.07.2014 ന് ആരോഗ്യവകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. കോഴിക്കോട് വടകര ജില്ലാ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (Obstetrics and Gynaecology) തസ്തികയിൽ സേവനത്തിലിരിക്കവെ 23.06.2022 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്റ്റ് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് ടിയാളുടെ ലഭ്യമായ മേൽ വിലാസത്തിലേയ്ക്ക് അയച്ചു നൽകി. ടി നോട്ടീസിനോട് ടിയാൾ പ്രതികരിച്ചിരുന്നില്ല.

കാരണം കാണിക്കൽ നോട്ടീസിന്റെ പകർപ്പ് ടിയാളുടെ അറിവിലേയ്ക്കായി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിരുന്നു. നിശ്ചിത സമയ പരിധി കഴിഞ്ഞിട്ടും ടിയാൾ പ്രതികരിച്ചിട്ടില്ല. ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല.

(2) ടി സാഹചര്യത്തിൽ 23.06.2022 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ ഫെബിൻ പി, ജൂനിയർ കൺസൾട്ടന്റ് (Obstetrics and Gynaecology) ന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ ഫെബിൻ പി, ജൂനിയർ കൺസൾട്ടന്റ് (Obstetrics and Gynaecology) ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Reena K J
Date: 24-02-2026
12:40:33

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Febin P,**

**33/5759, Ennampalathparamba, Chevayur (PO)**

**PIN- 673107**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
കോഴിക്കോട്.

3. സൂപ്രണ്ട്,
ജില്ലാ ആശുപത്രി, വടകര, കോഴിക്കോട്.
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

5. ഫയൽ